ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ജോർജ് ജെ മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാമണ്ഡലം ഒരു സർവകലാശാലയായി ഉയർത്തുവാൻ ഈ ഗവർൺമെന്റിന് പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടി ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ:

(സി) ഇതിനുള്ള നിയമനിർമ്മാണം എന്നത്തേയ്ക്ക് കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) കേരള കലാമണ്ഡലം ഒരു കല്പിത സർവകലാശാല (ഡീംഡ് യൂണിവേഴ്സിറ്റി) ആക്കണമെന്നുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഇതു സംബന്ധിച്ച് ചർച്ചകൾ നടന്നു വരികയാണ്.

(സി) നിയമനിർമ്മാണത്തെ സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള ഘട്ടം ആയിട്ടില്ല.

21 (*T-305) മത്സ്യ സംസ്കരണ വ്യവസായം

ശ്രീ. എം. ദാസൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. ജോർജ്ജ് ഫെർണാണ്ടസ് :

ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസംസ്കരണ കയറ്റുമതി വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് മത്സ്യസംസ്കരണ കയറ്റുമതി വ്യവസായം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ:

(സി) മത്സ്യസംസ്കരണകയറ്റുമതി വ്യവസായ സംരംഭകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) മത്സ്യബന്ധനം, സംസ്കരണം, പ്രീപ്രോസസിംഗ് എന്നിവയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും സാങ്കേതിക വിദഗ്ധർക്കും വേണ്ടത്ര പരിശീലനം ഇപ്പോൾ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മത്സ്യസംസ്കരണകയറ്റുമതി വ്യവസായമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഇക്കാര്യത്തെ സംബന്ധിച്ച കൊച്ചിയിലുള്ള സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി 1997-98 ൽ പഠനം നടത്തിയിട്ടുണ്ട്.

(ബി) വെളിപ്പെടുത്താം. എം.പി.ഇ.ഡി.എ. വഴി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരം ഉറപ്പാക്കാൻ മത്സ്യസംസ്കരണ യൂണിറ്റുകളിൽ ഗുണനിലവാരനിയന്ത്രണ പരീക്ഷണ ശാലകൾ സ്ഥാപിക്കുന്നതിന് 50% സബ്സിഡി എം.പി.ഇ.ഡി.എ. നൽകി വരുന്നു. ഇപ്രകാരം പരമാവധി 50,000/- രൂപവരെ നൽകുന്നു.

(2) പ്രീ പ്രോസസിംഗ് യൂണിറ്റുകളെ യൂറോപ്യൻ യൂണിയൻ നിഷ്കർച്ചിട്ടുള്ള നിലവാരത്തിലേക്ക് ഉയർത്തുന്നതിനും, പുതിയ സംസ്കരണ ശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ആധുനികവൽക്കരിക്കുന്നതിനും ധനസഹായം നൽകി വരുന്നു.

(3) ആധുനികരീതിയിൽ ഐസ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകി വരുന്നു.

(4) ഉൽപ്പന്നങ്ങൾക്ക് യഥാസമയം വില ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(5) കയറ്റുമതി ഉൽപ്പന്നങ്ങൾ വൃത്തിയായി കൈകാര്യം ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നു.

(സി) വെളിപ്പെടുത്താം.

(1) മത്സ്യസംസ്കരണകേന്ദ്രങ്ങൾ ആധുനികവത്ക്കരിക്കുന്നതിന് 4% പലിശ നിരക്കിൽ സോഫ്റ്റ് ലോൺ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ എം.പി.ഇ.ഡി.എ. നടപ്പിലാക്കി വരുന്നു.

(2) അലങ്കാര/അക്വേറിയം മത്സ്യങ്ങളുടെ കയറ്റുമതിയിൽ എഫ്.ഒ.ബി വിലയുടെ 10% സബ്സിഡി നൽകി വരുന്നു.

(3) ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് 25% സബ്സിഡി നൽകി വരുന്നു.

(4) മിനി ലബോറട്ടറി സ്ഥാപിക്കുന്നതിന് 50% സബ്സിഡി നൽകി വരുന്നു. ഇപ്രകാരം പരമാവധി 50,000/- രൂപ ലഭ്യമാക്കി വരുന്നു.

(ഡി) പരിശീലനം നൽകുന്നുണ്ട്. കയറ്റുമതിക്കായി തയ്യാറാക്കുന്ന മത്സ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡമനുസരിച്ചുള്ള ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും, മത്സ്യം കരയ്ക്കടുപ്പിക്കുന്നതു മുതൽ കയറ്റി അയയ്ക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ആവശ്യമായ ശുചിത്വം പാലിക്കുന്നതിനുമായി ബന്ധപ്പെട്ടവർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നു. കൂടാതെ, ബോട്ട് തൊഴിലാളികൾക്ക് ഫിഷ് ഫൈൻഡർ, ടി.പി.എസ് എന്നിവ ഉപയോഗിച്ച് മത്സ്യസങ്കേതം കണ്ടു പിടിക്കുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യകയറ്റുമതിക്കായി സംസ്കരണയൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ സഹായത്തോടു കൂടി കിൻഫ്രായും, എം.പി.ഇ.ഡി.എ-യും സംയുക്തമായി ആലപ്പുഴ ജില്ല യിലെ അരൂരിൽ 'മറൈൻ പ്രോഡക്ട് ഇൻഫ്രാസ്ട്രക്ചർ' ഫെസിലിറ്റി പ്രോജക്ട് എന്ന പേരിൽ, നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പൂർത്തിയാകു മ്പോൾ ഏകദേശം പത്തോളം കയറ്റുമതി അധിഷ്ഠിത മത്സ്യ സംസ്കരണ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ആധുനികമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്നതാണ്. കൂടാതെ, മത്സ്യസംസ്കരണ യൂണിറ്റു കൾ യൂറോപ്യൻ യൂണിയൻ നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ വിവിധ നടപടികൾ സ്വീകരിക്കുന്നതിന് മത്സ്യസം സ്കരണ സംരംഭകർക്ക് ആവശ്യമായ പരിശീലനവും ധനസഹായവും നൽകി വരുന്നു.

22 (*306) കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ വിപു ലീകരണം

ശ്രീ എം.എ. തോമസ് :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനായി എന്തു നടപടികൾ സ്വീകരിച്ചു;

(സി) സർക്കാർ പ്രസിദ്ധീകരണങ്ങൾ എല്ലാം തന്നെ 'ബുക്ക് മാർക്ക്' വഴി വിൽപന നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം 'ബുക്ക്മാർക്ക്' എത്ര രൂപയുടെ ഏതെല്ലാം പ്രസിദ്ധീകരണങ്ങളുടെ വിൽപന നടത്തിയിട്ടുണ്ട്;

(ഇ) വിശദാംശം വ്യക്തമാക്കുമോ;

(എഫ്)ബുക്ക് മാർക്ക് വഴി സർക്കാർ പ്രസിദ്ധീകരണങ്ങളുടെ വിപ ണനം സംസ്ഥാന വ്യാപകമായി വിപുലീകരിക്കാൻ സർക്കാർ നടപടി സ്വീക രിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമ കൃഷ്ണൻ) :

(എ)&(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കേരളസർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രസി ദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വിൽപന നടത്തുന്ന ഒരു സ്ഥാപനമാണ് കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി. എല്ലാ പ്രസിദ്ധീകരണസ്ഥാപനങ്ങളു ടെയും പുസ്തകങ്ങൾ ഒരുമിച്ച് ഒരു സ്ഥലത്ത് നിന്ന് വാങ്ങാനുള്ള ഏക ജാല കസംവിധാനമാണ് കേരള ബുക്ക് മാർക്കറ്റിങ്ങിലുള്ളത്. പുസ്തക മേളകളിലൂ ടെയും തിരുവനന്തപുരത്തും, എറണാകുളത്തും ഉള്ള വിൽപന കേന്ദ്രങ്ങളിലൂ ടെയുമാണ് ബുക്ക് മാർക്ക് പുസ്തകങ്ങൾ വിറ്റഴിക്കുന്നത്. മാർച്ചു മാസത്തിൽ എറണാകുളത്ത് തുറന്ന മേഖലാ വിൽപനശാലയിൽ കൂടുതൽ പുസ്തക

LIBRARY ARCHIVES Kerala Legislative Assembly